(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും വിശദമാക്കുമോ ;

(ഡി) സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തി പ്രവൃത്തി നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) മാറഞ്ചേരി വില്ലേജ് റീ-സർവ്വേ നമ്പർ 135/4-ൽപ്പെട്ട 50 സെന്റ് ഭൂമിയും അതിലുള്ള കെട്ടിടങ്ങളും വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ജി.ഒ.(ആർ.ടി.) നം.1895/14/ത.സ്വ.ഭ.വ. തീയതി 19-7-2014 പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്ന് തുടർ നടപടികൾ സ്ഥലത്തിന്റെ ഇപ്പോഴത്തെ ഉടമ എന്ന നിലയിൽ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും സ്വീകരിച്ചുവരുന്നു. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ജോബ് ഫെസ്റ്റ്

258 (954) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് എത്ര ജോബ് ഫെസ്റ്റുകളാണ് നടത്തിയതെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണ് നടത്തിയതെന്നും വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്ര ഉദ്യോഗാർത്ഥികൾ വീതം പങ്കെടുത്തു ;

(സി) എത്രപേർക്ക് നിയമനം നൽകാൻകഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന ഒമ്പത് തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2012-13-ൽ എറണാകുളം ജില്ലയിലും 2013-14 സാമ്പത്തിക വർഷത്തിൽ എറണാകുളം, കണ്ണൂർ, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിൽ മൂന്ന് തൊഴിൽ മേളകളും സംഘടിപ്പിച്ചിട്ടുണ്ട്. 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും, 5 എംപ്ലോയബിലിറ്റി സെന്ററുകളെയും ഉൾപ്പെടുത്തി എറണാകുളം, നിലമ്പൂർ, പാലക്കാട്, കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിൽ 'നിയുക്തി 2015' എന്ന പേരിൽ 5 ജോബ്ഫെയറുകളും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) 2012-13-ൽ എറണാകുളത്ത് 12000 പേരും 2013-14 വർഷം എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നടന്ന ജോബ് ഫെയറുകളിൽ 29011 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എറണാകുളം, നിലമ്പൂർ, കണ്ണൂർ, പാലക്കാട്, കൊല്ലം എന്നിവിടങ്ങളിലായി നടന്ന 'നിയുക്തി 2015' എന്ന ജോബ്ഫെയറിൽ 42821 ഉദ്യോഗാർത്ഥികൾ പങ്കെടുത്തിട്ടുണ്ട്.

(സി) 22538 പേർക്ക്.

താനൂർ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണം

259 (955) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എത്ര ഭൂമിയാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രവൃത്തിക്ക് എന്നത്തേയ്ക്ക് തുടക്കം കുറിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) താനൂർ നിയോജകമണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുവാൻ ജി.ഒ.(ആർ.ടി.)നമ്പർ 1762/14/LSGD തീയതി 9-7-2014 പ്രകാരം ചെറിയമുണ്ടം വില്ലേജിലെ റീസർവ്വേ നമ്പർ 104/07-ൽപ്പെട്ട 2.5 ഏക്കർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടി സ്ഥലം വകുപ്പിന്റെ പേരിൽ കൈമാറി ലഭിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly